മുതൽ 2015 വരെ അനുവദിച്ച നന്മാ സ്റ്റോറുകളുടെ കണക്കുകൾ ചുവടെ പരാമർശിക്കും പ്രകാരമാണ് :

2010-11 മുതൽ 2015 ജൂൺ വരെ ആരംഭിച്ച നന്മാ സ്റ്റോറുകളുടെ	എണ്ണം	പ്രവർത്തനം നിർത്തലാക്കിയവ	ഇപ്പോൾ പ്രവർത്തിക്കുന്നവയുടെ എണ്ണം
കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നവ	869	63	806
സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നവ	1317	560	751

പാചകവാതക വിതരണത്തിലെ കാലതാമസം

122 (2618) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പാചകവാതക വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പാചകവാതക വിതരണം യഥാസമയത്തു സുതാര്യമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളെയും ഗുണഭോക്താക്കളെയും വിതരണക്കാരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് പരാതി പരിഹാരത്തിനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പാചകവാതക വിതരണം യഥാസമയം നടക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(ഡി) പാചകവാതകം യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച് പള്ളിപ്പുറം കടപ്പുള്ളി, എടവനക്കാട് എന്നീ പഞ്ചായത്തുകളിലെ താമസക്കാരിൽ നിന്നും കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര പരാതികളാണ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടിയെന്തെന്നും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാചകവാതക കമ്പനികളുടെ തൊഴിലാളികളുടെ സമരം, ടാങ്കർ ലോറി സമരം തുടങ്ങിയ കാരണങ്ങൾമൂലം പാചകവാതക വിതരണം തടസ്സപ്പെട്ടിട്ടുണ്ട്.

(ബി) പാചകവാതക വിതരണം അപാകതകൾ പരിഹരിക്കുന്നതിന് ഗ്യാസ് ഏജൻസി തലത്തിൽ രൂപീകരിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഭക്ഷ്യോപദേശക സമിതി അംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനവും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് വിതരണ ഏജൻസികൾ ആരംഭിച്ചിട്ടുണ്ടെന്നും നിലവിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളിൽ ആവശ്യത്തിനുപരിയായി ഉത്പാദനം നടക്കുന്നുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ പ്രസ്തുത സ്ഥലങ്ങളിൽനിന്നും എഴുതി തയ്യാറാക്കിയ മൂന്ന് പരാതികളാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ, ഗ്യാസ് ലഭിക്കുന്നില്ലെന്ന് ഫോൺ മുഖാന്തിരം ലഭിച്ച മൂന്ന് പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഗ്യാസ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എണ്ണക്കമ്പനികളുടെ കാര്യാലയത്തിൽ ആറ് പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതികൾ പരിഹരിച്ച് ഉപഭോക്താക്കൾക്ക് സിലിണ്ടർ ലഭ്യമാക്കിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥനാതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly